നം. സി.ഇ.ഇ/1717/2010/കെഇഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2011 : രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2011 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ടുമെന്റിലേക്ക്, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും ആഗസ്റ്റ് മാസം 5-ാം തീയതി മുതൽ 12-ാം തീയതി വരെ സൗകര്യം നൽകിയിരുന്നു. ആഗസ്റ്റ് 12-ാം തീയതി വൈകുന്നേരം 5 മണി വരെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള രണ്ടാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഇതിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹോം പേജിൽ നിർദ്ദേശിച്ചിട്ടുള്ള ഫീസ്/ഡെപ്പോസിറ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **ആഗസ്റ്റ് 17, 18, 19 തീയതികളിൽ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചിത സമയത്തിനുള്ളിൽ അവരവരുടെ ഹോം പേജിൽ നിഷ്കർഷിക്കുന്ന ഫീസ്/ഡെപ്പോസിറ്റ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും, അവരുടെ എല്ലാ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദു ചെയ്യുന്നതാണ്.

എംബിബിഎസ്/ബിഡിഎസ് കോഴ്സുകളിൽ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ **2011 ആഗസ്റ്റ് 18, 19 തീയതികളിൽ** അതതു മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. മറ്റു കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല.

**ആഗസ്റ്റ് 23-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി മെഡിക്കൽ/ഡെന്റൽ** കോളേജ് അധികാരികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള അലോട്ടുമെന്റ് ബഹു:ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിലെ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടി ക്രമങ്ങൾ ആഗസ്റ്റ് 21-ാം തീയതി ആരംഭിക്കുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ).

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.08.2011